# പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 2861 10.12.2014-ലെ മറുപടിക്ക്

## പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് മിശ്ര വിവാഹ ധനസഹായം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ഐ.സി.ബാലകൃഷ്ണൻ<br>ശ്രീ.വി.പി.സജീന്ദ്രൻ<br>ശ്രീ.റ്റി.എൻ.പ്രതാപൻ<br>ശ്രീ.എം.എ.വാഹീദ് | ശ്രീ.എ.പി.അനിൽ കുമാർ<br>(ബഹു. പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി ) |
| (എ) പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് മിശ്ര വിവാഹത്തിനായി ധനസഹായം നൽകുന്ന പദ്ധതി പ്രകാരം ഒരു വ്യക്തിയ്ക്ക് എത്ര രൂപയാണ് നൽകി വരുന്നത്; വിശദമാക്കുമോ; | (എ) പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് മിശ്രവിവാഹ ധനസഹായ പദ്ധതി പ്രകാരം ഒരു വ്യക്തിക്ക് 50,000/- രൂപ ധനസഹായം അനുവദിക്കുന്നു. അപേക്ഷകരുടെ വാർഷിക വരുമാന പരിധി 40,000/- രൂപയായിരിക്കണം നിശ്ചിത മാതൃകയിൽ ഉള്ള അപേക്ഷയോടൊപ്പം ജാതി- വരുമാന സർട്ടിഫിക്കറ്റ്, വിവാഹ സർട്ടിഫിക്കറ്റ്, കോ- ലിവിംഗ് സർട്ടിഫിക്കറ്റ് എന്നിവ സഹിതം വിവാഹം കഴിഞ്ഞ് ഒരു വർഷത്തിന് ശേഷം 3 വർഷം കഴിയുന്നതിന് മുൻപായി അപേക്ഷകർ താമസിക്കുന്ന പ്രദേശത്തെ ബ്ലോക്ക്/നഗരസഭ പട്ടികജാതി ഓഫീസിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്. |
| (ബി) ഇതിനായി മുൻ സർക്കാരിന്റെ കാലത്ത് എത്ര രൂപയാണ് നൽകി വന്നിരുന്നത്; | (ബി) മുൻ സർക്കാരിന്റെ കാലത്ത് പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് മിശ്രവിവാഹ |

| | |
|---|---|
| വ്യക്തമാക്കുമോ; | ധനസഹായ പദ്ധതി പ്രകാരം ഒരു വ്യക്തിക്ക് 50,000/- രൂപ വരെ ധനസഹായമായി അനുവദിച്ചിരുന്നു. അപേക്ഷകരുടെ വാർഷിക വരുമാന പരിധി 22,000/- രൂപയായിരുന്നു |
| (സി) ഇപ്പോൾ നല്കി വരുന്ന തുക അപര്യാപ്തമാണെന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല |
| (ഡി) എങ്കിൽ എത്ര രൂപ വർദ്ധിപ്പിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ | (ഡി) ബാധകമല്ല |

Rashmi

സെക്ഷൻ ആഫീസർ